# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# സ്കൂൾ തലം

## 2025 - 2026

ഗവ.ജെ.ബി.എസ്
കണ്ടനാട്

# സ്കൂൾ വിവരങ്ങൾ

റവന്യു ജില്ല : എറണാകുളം
സ്കൂൾ കോഡ് : 26404
സ്കൂളിന്റെ പേര് : ജി.ജെ.ബി.എസ് കണ്ടനാട്
മേൽവിലാസം : കണ്ടനാട് .P.O, ഉദയംപേരൂർ
പിൻകോഡ് : 682305
ഫോൺ നമ്പർ : 9995225389
ഇ.മെയിൽ അഡ്രസ് : hmjbskandanad@gmail.com
ഗ്രാമപഞ്ചായത്ത് : ഉദയംപേരൂർ
വിദ്യാഭ്യാസ ജില്ല : എറണാകുളം
സബ് ജില്ല : തൃപ്പൂണിത്തുറ
ക്ലാസ്സുകൾ : 1 മുതൽ 4 വരെ
മാനേജ്മെന്റ് : ഗവൺമെന്റ്
പഠന മാധ്യമം : മലയാളം

# ആമുഖം

അനേകം തലമുറകൾ വിദ്യയും അറിവും നേടി ജീവിതത്തിന്റെ വിവിധ മേഖലകളിൽ സേവനം നൽകി നാടിന്റെയും വിദ്യാലയത്തിന്റെയും യശസ്സുയർത്തുന്നു. കണ്ടനാടിന്റെ ചരിത്രവും നമ്മുടെ വിദ്യാലയത്തിന്റെ ചരിത്രവും ഇഴ ചേർന്നിരിക്കുന്നു. വേമ്പനാട്ടു കായലിന്റെ കൈവഴികളുടെ തീരത്ത് അതിമനോഹരമായ ഈ കൊച്ചു ഗ്രാമത്തിന് കണ്ടനാട് എന്ന പേര് നൽകിയത് രാമയ്യൻ ദളവയാണെന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു.

കണ്ടനാട് വലിയ പള്ളി അഥവാ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ എ.ഡി. നാലാം നൂറ്റാണ്ടിൽ അതായത് 1700 വർഷങ്ങൾക്ക് മുൻപ് സ്ഥാപിക്കപ്പെട്ട ദേവാലയം ആണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രവും കാവുകളും നമ്മുടെ നാട്ടിലുണ്ട്. അതുകൊണ്ട് തന്നെ കണ്ടനാട് ചരിത്രപരമായ ഭൂമി എന്ന വിശേഷണം അർഹിക്കുന്നു. ഈ ചരിത്ര ഭൂമിയിലെ മറ്റൊരു ചരിത്രമാണ് 1920 ൽ സ്ഥാപിക്കപ്പെട്ട ജൂനിയർ ബേസിക് സ്കൂൾ കണ്ടനാട് എന്ന വിദ്യാലയം.

ഗാന്ധിജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ആശയത്തിന്റെ ചുവടു പിടിച്ചാണ്

ഈ വിദ്യാലയത്തിന്റെ ഉത്ഭവം. പള്ളി വിട്ടു നൽകിയ സ്ഥലത്ത് ആരംഭിച്ച വിദ്യാലയം കൂടുതൽ മികച്ചതാക്കുന്നതിനായി ഗവൺമെന്റിനു വിട്ടു നൽകുകയും അതിനെ ഗവ. ജെ.ബി.എസ് ആയി രൂപാന്തരപ്പെടുത്തുകയും ചെയ്തു.

കേരളസംസ്ഥാനം രൂപീകരിക്കപ്പെടും മുമ്പേ സ്ഥാപിതമായ നമ്മുടെ ഈ വിദ്യാലയം ഇപ്പോഴും നിലനിൽക്കുന്നത് ഈ നാടിന്റെ നന്മയുടെ ദിശാസൂചികയാണ്. അടിസ്ഥാന വിദ്യാഭ്യാസമാണ് ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. പ്രൈമറി പ്രീപ്രൈമറി വിദ്യാഭ്യാസ കാലഘട്ടത്തിലാണ് ഈ അടിസ്ഥാനം കുട്ടികളിൽ രൂപപ്പെടുന്നത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി സുംബാ ഡാൻസ് പരിശീലനം നൽകുന്നു.

105 വർഷം പിന്നിടുന്ന മഹത് പാരമ്പര്യമുള്ള ഗവ. ജെ.ബി. എസ് കണ്ടനാട് സ്കൂളിൽ പ്രീപ്രൈമറി മുതൽ നാലാം ക്ലാസ്സുവരെയാണ് അധ്യയനം നടത്തുന്നത്. പ്രീപ്രൈമറിയിൽ ഒരു അധ്യാപികയും ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ മൂന്ന് അധ്യാപകരും ഒരു പ്രധാനാധ്യാപികയും ജോലി ചെയ്യുന്നു. കൂടാതെ ഒരു PTCM ഉം കുക്കും ജോലി ചെയ്യുന്നു.

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് PTA, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, പഞ്ചായത്ത് ജനപ്രതിനിധികൾ തുടങ്ങിയവരുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.

കൂടുതൽ ഗുണകരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ നടത്താനാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളിൽ പൂർണ്ണമായി എത്തിച്ച് അവരെ നാളെയുടെ വാഗ്ദാനങ്ങളായി മാറ്റാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ലക്ഷ്യങ്ങൾ

* എല്ലാ ജനവിഭാഗങ്ങൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പു വരുത്തുക.
* കുട്ടികൾക്ക് പഠനം ആസ്വാദ്യകരമാകുന്ന രീതിയിൽ വിദ്യാലയത്തെ സജ്ജമാക്കുക.
* സഹജീവി സ്നേഹം, അറിവ്, ആർദ്രത, സഹിഷ്ണുത, അനുതാപം, അനുകമ്പ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക.
* എല്ലാ വിഭാഗം കുട്ടികളേയും പരിഗണിച്ചുകൊണ്ട് പഠന പ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം, തുല്യനീതി, സമത്വം എന്നിവ ഉറപ്പാക്കുന്നു.
* ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക.
* മുഴുവൻ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
* കലാകായിക പ്രവൃത്തി പഠനാശയങ്ങൾ മറ്റ് വിഷയങ്ങളുമായി ഉൾച്ചേർത്തു കൊണ്ട് പ്രവർത്തനങ്ങൾ

ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലൂടെ മുഴുവൻ കുട്ടികളെയും പഠനനേട്ടങ്ങൾ പൂർണ്ണമായും നേടിയവരാക്കുന്നു.

* വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ, ലബോറട്ടറി എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
* ഓരോ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
* ഓരോ വിദ്യാർത്ഥിയെയും ഓരോ യൂണിറ്റായി കണ്ടു-കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ

### വിവിധ ഘട്ടങ്ങൾ

* SRG യോഗത്തിൽ ജി.ജെ.ബി.എസ് കണ്ണനാടിന്റെ പ്രവർത്തന രൂപരേഖ അവതരിപ്പിക്കലും ചർച്ചയും
* വികസന കാര്യങ്ങൾ വിഷയാടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരം തിരിച്ച് രൂപരേഖ തയ്യാറാക്കൽ
* കരട് രൂപരേഖ SRG, SMC, PTA, MPTA, SSG രാഷ്ട്രീയ സാമൂഹിക സംഘടനാ പ്രതിനിധികൾ ജന പ്രതിനിധികൾ എന്നിവരടങ്ങുന്ന ശിൽപ്പശാലയിൽ അവതരിപ്പിക്കൽ
* ശില്പശാലയിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
* നിലവിലെ അവസ്ഥാ വിശകലനം

### ഭൗതിക നേട്ടങ്ങൾ

പൊളിഞ്ഞു വീണ പഴയ കെട്ടിടാവശിഷ്ടങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നീക്കം ചെയ്തു വരുന്നു. തുടർന്ന് നല്ലൊരു play ground ഉം മുകളിൽ പുതിയ ക്ലാസ് റൂമും കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

## ഭൗതികം പരിമിതികൾ

പൊളിഞ്ഞു വീണ പഴയ കെട്ടിടാവശിഷ്ടങ്ങൾ പൂർണ്ണമായി നീക്കം ചെയ്യാത്തതിനാൽ കുട്ടികൾക്ക് കളിക്കാനും മറ്റും പരിമിതികൾ ഉണ്ട്. ആധുനികരീതി-യിലുള്ളതും വൃത്തിയുള്ളതുമായ ടോയ്‌ലറ്റ് ഇല്ല. നിലവിലുള്ള അടുക്കളയ്ക്ക് സ്റ്റോർ റൂം സൗകര്യങ്ങളില്ല. ഡൈനിംഗ് ഹാൾ ആവശ്യമാണ്. ആവശ്യമായ ക്ലാസ് റൂമുകളില്ല.

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
* വായനാശേഷി
* അധ്യാപക ശാക്തീകരണം . SRG
* പച്ചക്കറിത്തോട്ടം
* ശാസ്ത്ര പോഷണ പരിപാടി
* ലൈബ്രറി ശാക്തീകരണം
* മെഡിക്കൽ ക്യാമ്പുകൾ
* ദിനാചരണങ്ങൾ
* ശിൽപ്പശാല
* ചിത്ര രചനാ ക്യാമ്പ്
* ഭവന സന്ദർശനം
* കലാപരിപോഷണം
* ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ
* സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
* പഠനയാത്ര
* കായിക ശേഷി വികസനം - സുംബാ ഡാൻസ്

* ഐ.ടി പഠനം കാര്യക്ഷമമാക്കൽ
* ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ
* ക്ലാസ് പി.ടി.എ
* സ്കൂൾ കലണ്ടർ

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാല ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കഥ, കവിത, നോവൽ, ജീവചരിത്രം, ചെറുകഥ, യാത്രാ വിവരണങ്ങൾ | സ്കൂൾ ലൈബ്രറിയിലേക്ക് ഭവന സന്ദർശനത്തിലൂടെ പുസ്തകങ്ങൾ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് (ക്രമീകരിക്കൽ, വിതരണ രജിസ്റ്റർ, തയ്യാറാക്കൽ) | വർഷത്തിൽ മൂന്നു പ്രാവശ്യം | ഏഴ് ഏഴാം ക്ലാസ് ടീച്ചർ പിടിഎ | സ്പോൺസർഷിപ്പ് |

പേര് : നാടകക്കളരി

ഉപമേഖല: ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു സാഹിത്യ രൂപത്തിലേയ്ക്ക് മാറ്റുക | പാഠഭാഗത്തെ കഥകൾ, കവിതകൾ എന്നിവയുടെ നാടകാവിഷ്കാരം | മാസം തോറും പാഠഭാഗങ്ങൾക്ക് അനുസൃതമായി | ക്ലാസ്സ് ടീച്ചർ വിദ്യാരംഗം കലാസാഹിത്യ വേദി | ട്രോഫി സർട്ടിഫിക്കറ്റ് |

പേര് : വളർത്ത്, വായന
പരിപോഷിപ്പിക്കൽ

ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കഥ, കവിത, നോവൽ, ജീവചരിത്രം ചെറുകഥ യാത്രാവിവരണങ്ങൾ | സ്കൂൾ ലൈബ്രറിയിലേക്ക് ഒരു സന്ദർശനത്തിലൂടെ പുസ്തകങ്ങൾ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് തരംതിരിക്കാൻ വിവരണ ലിസ്റ്റ് തയ്യാറാക്കൽ | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലാസ്സ് ടീച്ചർ ചിത്ര | [illegible] സർവ്വീസ് |

പേര് : മാഗസിൻ

ഉപമേഖല: ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിന് | കുട്ടികളുടെ സർഗാത്മക രചനകൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | ഒരു വർഷം | അധ്യാപകർ | |

പേര് : വായനാ പരിപോഷണം

മേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| തെറ്റില്ലാതെ അക്ഷരസ്ഫുടതയോടെ ഭാഷാ ശുദ്ധിയോടെ മലയാളത്തിൽ വായിക്കുവാനുള്ള കഴിവ് നേടുക | ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലെപ്പോലെ മലയാളത്തിൽ വാർത്ത വായിക്കൽ, ഭാഷാ ഉല്പന്നങ്ങൾ, ക്ലാസ്സ് പിടിഎയിൽ അവതരിപ്പിക്കൽ | മാസത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനത്തിന്റെ പേര് : പ്രിന്റർ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓഫീസ് കാര്യങ്ങൾ ഭംഗിയാക്കാൻ ഒരു പ്രിന്റർ | ഓഫീസ് പ്രവർത്തനങ്ങളും അക്കാദമിക പ്രവർത്തനങ്ങളും വിപുലമാക്കാൻ പ്രിന്റർ ഒരുക്കൽ | ജനുവരി | H.M | പഞ്ചായത്ത് |

പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| പച്ചക്കറിത്തോട്ടം ഒരുക്കൽ | സ്കൂളിലേക്ക് ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ കൃഷി ചെയ്യൽ | ഒരു വർഷം | HM<br>അധ്യാപകർ<br>PTA | പഞ്ചായത്ത് |

പ്രവർത്തനത്തിന്റെ പേര്: മൈതാന നിർമ്മാണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ മൈതാനം ഒരുക്കൽ | 2 വർഷം | PTA | പഞ്ചായത്ത് |

പേര്: ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാൻ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പേര്: ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല: ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയുവാനും എഴുതാനും കഴിയുന്ന തരത്തിലേക്ക് എത്തിക്കാൻ | കഥ, കവിത, സംഭാഷണ ആക്ഷൻ പാട്ടുകൾ, ഏകാങ്ക നാടകം, തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കാൻ | ഒരു വർഷം | ക്ലാസ്സ് ടീച്ചർ | |

പേര്: ഇംപ്രോവ് തിയേറ്റർ

ഉപമേഖല: ഇംപ്രോവ് ഡ്രാമ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംപ്രോവ് ഡ്രാമയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംപ്രോവ് പാഠഭാഗ-ങ്ങൾ നാടകമാക്കി മാറ്റി, സദസ്സിനു മുന്നാകെ അവതരി-പ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സജ്ജമാക്കൽ | വിദ്യാലയത്തിന്റെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ക്ലാസ് പി.ടി.എ | |

പേര്: ജ്യാമിതീയ രൂപങ്ങൾ

ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾ പ്രാധാന്യം നൽകി ക്ലാസ് മുറികളിൽ ചിത്രങ്ങൾ വരയ്ക്കൽ | ഒരു പ്രാവശ്യം | ക്ലാസ് ടീച്ചർ<br>ക്ലാസ്<br>പി.ടി.എ | പി.ടി.എ |

പേര് : സംഖ്യാബോധം

ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാ ബോധം, ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | അബാക്കസ്, സംഖ്യാ കാർഡ്, സ്ഥാന വില പോക്കറ്റ്, കമ്പുകൾ മുത്തുകൾ, മഞ്ചാടി, പാമ്പും കോണിയും കളി ഇവ ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ, കളികൾ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>ക്ലാസ് പി.ടി.എ | |

പേര്: പച്ചക്കറിത്തോട്ടം

ഉപമേഖല: കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | SRG PTA | കൃഷി |

പേര്: ക്ലാസ് പിടിഎ യോഗം
പരാക്കുന്നതിനുള്ള നടപടികൾ

ഉപമേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം മെച്ചപ്പെടുത്തൽ വിലയിരുത്തൽ | ക്ലാസ് പി.ടി.എ കൃത്യമായ ഇടങ്ങളിൽ വച്ച് പ്രതിമാസം ചേരൽ പഠന പുരോഗതി വിലയിരുത്തൽ റിക്കാർഡുകളുടെ അവതരണം ചെയ്തു ചർച്ച നിർവഹിക്കുന്നു | മാസ-ത്തി-ലൊ-രിക്കൽ | ക്ലാസ്സ് ടീച്ചർ | |

പേര്: സ്കൂൾ കലണ്ടർ

മേഖല: സാമൂഹികം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ കലണ്ടർ രൂപീകരണം | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറിൽ ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും സമൂഹത്തിനും നൽകുക | വർഷത്തിൽ ഒരു പ്രാവശ്യം | SRG<br>PTA | സ്പോൺസർഷിപ്പ് |

പേര്: പിടി.എ/എം. പി.ടി.എ

സർഗോത്സവം

മേഖല : സാംസ്കാരികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അധ്യാപക രക്ഷാകർതൃ ശാക്തീകരണം | പിടിഎ മദേഴ്സ് ഫോറം അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ എം.പി.ടി.എ എസ്.ആർ.ജി | |

പ്രവർത്തനത്തിന്റെ പേര്: പി.ടി.എ ശാക്തീകരണം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വശം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം സാധ്യമാക്കൽ | കൃത്യമായ അജണ്ട വച്ച് എല്ലാ മാസവും പി.ടി.എ യോഗം ചേരുക വിദ്യാലയത്തിലെ പാഠ്യ പാഠ്യേതര വിഷയങ്ങൾ ചർച്ച ചെയ്യുക | എല്ലാ മാസവും | SRG | |

പേര്: ഭവന സന്ദർശനം

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രക്ഷിതാക്കളും വിദ്യാലയവുംതമ്മിലുള്ള ശാക്തീകരണം | അധ്യാപകർ ഭവന സന്ദർശനം നടത്തി കുട്ടികളുടെ പാഠ്യ പാഠ്യേതര നിലവാരം ചർച്ച ചെയ്യുന്നു. കുട്ടികളുടെ പഠനത്തി-ലുള്ള പിന്നോക്കാവസ്ഥക്കുള്ള കാരണം കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നു | വർഷത്തിൽ | ക്ലാസ് ടീച്ചർ | |

## ഉപസംഹാരം

ജി.ജെ.ബി.എസ് കണ്ടനാടിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും സഹായം കൊണ്ടും സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.